**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2196** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഫോറൻസിക് സയൻസ് ലാബുകളിലെ സയന്റിഫിക് ഓഫീസർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കേരള പോലീസ് വകുപ്പിന് കീഴിൽ ഫോറൻസിക് സയൻസ് ലാബിലേയ്ക്കുള്ള സയന്റിഫിക് ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് അപേക്ഷിക്കുന്നതിന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ കേരള പോലീസ് അക്കാദമി നടത്തുന്ന എം.എസ്.സി. ഫോറൻസിക് സയൻസ് കോഴ്സ് കഴിഞ്ഞവരെ പരിഗണിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കേരള പോലീസ് വകുപ്പിന് കീഴിൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ സയൻ്റിഫിക് ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനം 31.01.2014 ലെ സർക്കാർ ഉത്തരവ് നം. സ.ഉ (പി)19/2014/ആഭ്യന്തരം പ്രകാരമുള്ള സ്പെഷ്യൽ റൂൾസിൻ്റെ അടിസ്ഥാനത്തിലാണ് നിലവിൽ നടത്തിവരുന്നത്.എം.എസ്.സി. ഫോറൻസിക്ക് സയൻസ് ഉൾപ്പെടെയുള്ള വിഷയങ്ങൾ കൂടി സയൻ്റിഫിക്ക് ഓഫീസർ തസ്തികയുടെ നിയമന യോഗ്യതയായി നിശ്ചയിച്ചുകൊണ്ട് വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്ന വിഷയം സർക്കാരിൻ്റെ സജീവ പരിഗണയിലാണ്. വിശേഷാൽ ചട്ട ഭേദഗതി സംബന്ധിച്ച് 28.11.2023 ൽ സർവ്വീസ് സംഘടനകളുടെയും വിവിധ വകുപ്പുകളുടെ പ്രതിനിധികളുടെയും യോഗം ചേർന്ന് നടപടിക്കുറിപ്പ് ബന്ധപ്പെട്ടവർക്ക് അനന്തരനടപടികൾക്കായി നല്കിയിട്ടുണ്ട്.നിയമാനുസൃത നടപടികൾ പൂർത്തിയാക്കി ഭേദഗതി ചട്ടം പുറപ്പെടുവിക്കുന്ന മുറയ്ക്ക് എം.എസ്.സി ഫോറൻസിക്ക് സയൻസ് യോഗ്യതയുള്ളവർക്ക് സയൻ്റിഫിക്ക് ഓഫീസർ തസ്തികയിലെ നിയമനത്തിന് അപേക്ഷിക്കുന്നതിന് സാധിക്കുന്നതാണ്. |
| (ബി) | കേരളത്തിൽ എം.എസ്.സി. ഫോറൻസിക് സയൻസ് കോഴ്സ് ആരംഭിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി ശിപാർശ നൽകിയിരുന്നോ; പ്രസ്തുത കോഴ്സ് നടത്തുന്നത് വഴി മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള നിയമനം ലഭിക്കുന്നവർക്ക് അധിക പരിശീലനം നൽകേണ്ടതില്ലെന്നും അതുവഴി സർക്കാരിനുണ്ടാകുന്ന ബാധ്യത ഒഴിവാക്കാമെന്നും വിലയിരുത്തിയിരുന്നോ; വിശദീകരിക്കുമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട് |
| (സി) | പ്രസ്തുത കോഴ്സിനെ പി.എസ്.സി. യോഗ്യതകളിൽ | (സി) | (എ) യിൽ ചേർത്തിട്ടുണ്ട് |

| | | | |
|---|---|---|---|
| | ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിന് കാരണമെന്ത്; വിശദീകരിക്കാമോ; | | |
| (ഡി) | സംസ്ഥാനത്ത് നിന്നും ഫോറൻസിക് സയൻസ് കോഴ്സ് കഴിഞ്ഞ വിദ്യാർത്ഥികൾ കേന്ദ്ര ഫോറൻസിക് സയൻസ് ലാബുകളിൽ താൽക്കാലിക ജീവനക്കാരായി സേവനം നോക്കുന്ന നിലവിലെ സ്ഥിതി ഒഴിവാക്കുന്നതിനായി പി.എസ്.സി. യോഗ്യതകളിൽ പ്രസ്തുത കോഴ്സ് ഉൾപ്പെടുത്തുന്നതിനും കേരള പോലീസ് അക്കാദമി നടത്തുന്ന എം.എസ്.സി. ഫോറൻസിക് സയൻസ് കോഴ്സ് കഴിഞ്ഞവർക്ക് മേല്പറഞ്ഞ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് മുൻഗണന നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ഡി) | (എ) യിൽ ചേർത്തിട്ടുണ്ട് |
| (ഇ) | കേരളത്തിലെ ഫോറൻസിക് സയൻസ് ലാബുകളിലെ സയന്റിഫിക് ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് എം.എസ്.സി. ഫോറൻസിക് സയൻസ് കോഴ്സ് കൂടി ഉൾപ്പെടുത്തണമെന്ന് കാണിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കത്ത് ലഭിച്ചിരുന്നോ; ലഭിച്ചെങ്കിൽ ഇതിനെത്തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ? | (ഇ) | (എ) യിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ